ഉത്തരം

(എ) കാർഷികവിളകൾ അസംസ്കൃത വസ്തുവാക്കിയുള്ള ചില വ്യവസായങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.ണ കൂടുതൽ കാർഷികവിള കളെ ഉൾപ്പെടുത്തി കാർഷികവിളാധിഷ്ഠിത വ്യവസായത്തിനുള്ള ഒരു പദ്ധതി ഇപ്പോൾ കൃഷിവകുപ്പിന്റെ പരിഗണനയിലുണ്ട്.

(ബി) തൽക്കാലം വ്യവസായ വകുപ്പിന് ഉദ്ദേശമില്ല.

(സി) സാധാരാണ നിയമം അനുവദിക്കുന്ന സഹായങ്ങൾ അവർക്കു ലഭിക്കും.

പാംലഹറിന്റെ ഉൽപ്പാദന വിപണന സാദ്ധ്യതകൾ

19 (2816)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാംലഹറിന്റെ ഉൽപ്പാദനം ഏതൊക്കെ ഫാക്ടറികളിലാണ് നടത്തുന്നത്; ഈ ഫാക്ടറികൾ എന്നാണ് സ്ഥാപിക്കപ്പെട്ടത്;

(ബി) ഇവയുടെ മെഷിനറിക്ക് എന്തു തുക ചെലവായി എന്ന് വ്യക്ത മാക്കുമോ;

(സി) ഇവയുടെ ദൈനംദിന ഉൽപ്പാദനശേഷി എത്രയാണ്;

(ഡി) 1999 ജനുവരി 1 മുതൽ 1999 മെയ് 31 വരെയുള്ള ദൈനംദിന ഉൽപ്പാദന വിപണനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കേരളത്തിൽ എവിടെയെല്ലാം ഇപ്പോൾ പാംലഹർ വിപണനം നടത്തുന്നുണ്ട്;

(എഫ്) വിപണനത്തിന് ഏതു രീതിയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(ജി) പാംലഹറിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് എത്രപേർ ഫാക്ടറികളിൽ പണിയെടുക്കുന്നു; ഇതിനായി ഇവരുടെ പ്രത്യേക യോഗ്യത കൾ എന്തെല്ലാമാണ്;

(എച്ച്) പാംലഹറിന്റെ വിപണനത്തെ ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പാംലഹറിന്റെ ഉൽപ്പാദനം തിരുവന്തപുരം ജില്ലയിൽ കൊറ്റാ മത്തു സ്ഥിതിചെയ്യുന്ന ഫാക്ടറിയിലും കൊല്ലം ജില്ലയിൽ വടക്കേവിള പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫാക്ടറിയിലുമായാണ് നടക്കുന്നത്. കൊറ്റാമത്തുള്ള ഫാക്ടറി 1996, ഫെബ്രുവരി മാസത്തിലും കൊല്ലത്തുള്ള ഫാക്ടറി 1998 നവംബറിലുമാണ് സ്ഥാപിക്കപ്പെട്ടത്.

(ബി) 3 ലക്ഷം രൂപാ ചെലവായിട്ടുണ്ട്.

(സി) ദൈനംദിന ഉൽപ്പാദനശേഷി ചുവടെ ചേർക്കുന്നു :-

കൊറ്റാമം യൂണിറ്റ് - 4360 കുപ്പി (ഒരു ദിവസം 2 ഷിഫ്റ്റ്)

കൊല്ലം യൂണിറ്റ് - 5040 കുപ്പി (ഒരു ദിവസം 3 ഷിഫ്റ്റ്)

(ഡി) ഉൽപ്പാദനം

കൊല്ലം യൂണിറ്റ് - 1,27,896 കുപ്പി

കൊറ്റാമം യൂണിറ്റ് - 51,008 കുപ്പി

LIBRARY ARCHIVES Kerala Legislative Assembly

വിപണനം (വിറ്റുവരവ്)

കൊല്ലം യൂണിറ്റ് - 6 ലക്ഷം രൂപാ

കൊറ്റാമം യൂണിറ്റ് - 3 ലക്ഷം രൂപാ

(ഇ) കേരളത്തിൽ ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ വിപണനം നടത്തിവരുന്നു.

(എഫ്) അംഗീകൃത എജൻസി മുഖാന്തിരമാണ് വിപണനം നടത്തുന്നത്.

(ജി) പാംലഹറിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് 3 പേർ കൊല്ലത്തുള്ള ഫാക്ടറിയിലും 2 പേർ കൊറ്റാമം ഫാക്ടറിലും പണിയെടുക്കുന്നു. ഇവരുടെ അടിസ്ഥാന യോഗ്യത സോഫ്റ്റ് ഡ്രിംഗ് നിർമ്മാണത്തിനുള്ള മുൻകാല പരിചയവും 7-ാം സ്റ്റാൻഡേർഡ് വിദ്യാഭ്യാസയോഗ്യതയുമാണ്. കൂടാതെ കെൽപ്പാം ഏർപ്പെടുത്തിയിട്ടുള്ള 6 മാസത്തെ ട്രെയിനിംഗ് പ്രോഗ്രാം പൂർത്തിയാക്കിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(എച്ച്) ഉണ്ട്. പെപ്സി, കൊക്കകോള മുതലായ കമ്പനികളുമായി കടുത്ത മത്സരം നേരിടേണ്ടി വരുന്നുണ്ട്.

പുതിയ വ്യവസായ സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ

20 (2817)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായ സംരംഭകർക്ക് സർക്കാർ എന്തെല്ലാം സൗജന്യങ്ങളും സൗകര്യങ്ങളുമാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ മുന്നോക്ക പ്രദേശങ്ങളിലും ഒരേ സൗകര്യങ്ങളും സൗജന്യങ്ങളുമാണോ അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പിന്നോക്ക പ്രദേശങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിന് നൽകുന്ന അധിക സൗജന്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ) സമഗ്രമായ ഒരു വ്യവസായ നയവും ഇൻഫർമേഷൻ ടെക്നോളജി നയവും പ്രഖ്യാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വ്യവസായ പാർക്കുകളും ഗ്രോത്ത് സെന്ററുകളും ചെറുകിട വ്യവസായ എസ്റ്റേറ്റുകളും സ്ഥാപിച്ചുവരുന്നു. ടെക്നോപാർക്കിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. മാർജിൻ മണി ജനറേറ്റർ സബ്സിഡി തുടങ്ങിയ സാംപത്തികാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ മാർക്കറിംഗ് സംവിധാനം സിഡ്കോ വഴി ശക്തിപ്പെടുത്തിവരുന്നു. വ്യവസായ സംരംഭകർക്ക് ആവശ്യമായ മേൽനോട്ടപരവും സാങ്കേതികവുമായ കഴിവുകൾ നേടുന്നതിനുള്ള പരിശീലനം നൽകിവരുന്നു. വ്യവസായവികസനത്തിനുവേണ്ടി വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും സൗജന്യനിരക്കിൽ നൽകുന്നു. വിവിധതരം സബ്സിഡികൾ നൽകുന്നു. കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നു. പുതിയ വ്യവസായസ്ഥാപനങ്ങളെ ഉൽപ്പാദനമാരംഭിച്ച തീയതി മുതൽ 7 വർഷത്തിനുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly